സ്വർണ്ണം 2003 മേള

6 [2718] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
,, പി. ടി. തോമസ്:
ശ്രീമതി മാലേത്ത് സരളാദേവി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വർണ്ണം 2003 എന്ന പേരിൽ ഒരു മേള നടത്തിയോ; എങ്കിൽ എവിടെവച്ച്;

(ബി) പ്രസ്തുത മേളയിൽ എത്ര വിദേശികൾ പങ്കെടുത്തു;

(സി) ഈ മേളയിൽ ആരെല്ലാം സഹകരിച്ചു;

(ഡി) ആകെ എന്തു തുകയ്ക്കുള്ള വിൽപ്പന നടന്നു;

(ഇ) ഏറ്റവും കൂടുതൽ കലാപരമായ ഇനങ്ങൾ കാഴ്ചവച്ചവർക്ക് സമ്മാനം നൽകിയോ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 'സ്വർണ്ണം 2003' എന്ന മേള നടത്തിയിരുന്നു.

(ബി) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(സി) ഓൾ കേരള ഗോൾഡ് & സിൽവർ മർച്ചന്റ്സ് അസോസിയേഷൻ, ഓൾ കേരളാ ഗോൾഡ് & സിൽവർ ഡീലേഴ്സ് അസോസിയേഷൻ, വേൾഡ് ഗോൾഡ് കൗൺസിൽ എന്നിവരുടെ സഹകരണത്തോടെ ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് ടി മേള നടന്നത്.

(ഡി) ടി പരിപാടിയുടെ കാലയളവിൽ ആകെ 37,47,50,000 രൂപയുടെ (മുപ്പത്തി ഏഴുകോടി നാൽപത്തിയേഴു ലക്ഷത്തി അമ്പതിനായിരം രൂപ) വിൽപ്പന നടന്നതായി കണക്കാക്കപ്പെടുന്നു.

(ഇ) ഉപഭോക്താക്കളെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പരിപാടി ആയിരുന്നതിനാൽ ഇത്തരത്തിൽ ഒരു സമ്മാനം നൽകുകയുണ്ടായില്ല.

LIBRARY ARCHIVES Kerala Legislative Assembly